# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5586** — 02.07.2014-ൽ മറുപടിക്ക്

## സ്വകാര്യ ചികിത്സാ മേഖലയിലെ ചൂഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി :<br>,, പി. ഉബൈദുള്ള :<br>,, റ്റി. എ. അഹമ്മദ് കബീർ :<br>,, എൻ. ഷംസുദ്ദീൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ ചികിത്സാ മേഖലയുടെ ചൂഷണം ദിനംപ്രതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | ചികിത്സാ സൗകര്യങ്ങളുടെയും നിരക്കിന്റെയും കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) (സി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി "ദി കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ" എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെ മേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതാണ്. |
| (സി) | അടിയന്തിര ഘട്ടങ്ങളിലായാലും അല്ലെങ്കിലും സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കാൻ നിർബന്ധിതരാകുന്ന രോഗികളെ അനാവശ്യ പരിശോധനകൾ, സേവനങ്ങൾ, ചികിത്സകൾ എന്നിവ മുഖേന ചൂഷണം ചെയ്യപ്പെടുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ